**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 659** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>സഹകരണ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിഷ്ണു മോഹൻ ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സഹകരണ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സാമ്പത്തികമായി ദുർബലമായ സഹകരണ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി നിലവിൽ 2 പദ്ധതികൾ ആണ് ഉള്ളത് .അവ ചുവടെ ചേർക്കുന്നു.

**(i)കേരള സഹകരണ വികസനക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന പ്രവർത്തനമാന്ദ്യം സംഭവിച്ച അംഗസംഘങ്ങൾക്കായുള്ള പുനഃരുദ്ധാരണ പദ്ധതി**

ആസ്തിശോഷണത്തിലും അറ്റനഷ്ടത്തിലും പ്രവർത്തിക്കുന്ന അംഗസംഘങ്ങളെ, ആസ്തിശോഷണവും അറ്റനഷ്ടവും നികത്തി സുശക്തമായ നിലയിൽ എത്തിക്കുന്നതിന് ഉതകുന്ന തരത്തിൽ പൊതുവായ ചില ഉപാധികളുടെയും ധാരണകളുടെയും അടിസ്ഥാനത്തിൽ ഒരു നിശ്ചിത പദ്ധതി പ്രകാരം സഹകരണ വികസനക്ഷേമനിധി ബോർഡിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് പ്രവർത്തനമാന്ദ്യം സംഭവിച്ച അംഗസംഘങ്ങൾക്കായുള്ള പുനഃരുദ്ധാരണ പദ്ധതി. സാമ്പത്തിക ക്രമക്കേടുകൾ മൂലമോ ദുർഭരണം മൂലമോ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും പ്രവർത്തനം മന്ദീഭവിച്ചതുമായ അംഗ സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**(ii) കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് പദ്ധതി 2025 .**

അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തന രഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ പുനർ ജീവിപ്പിക്കുന്നതിനായി പദ്ധതിയിൽ പരാമർശിക്കുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ, 1969 ലെ സഹകരണ സംഘം നിയമം വകുപ്പ് 57 (ഇ) യുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 15.04.2025ലെ G.O(P) No. 49/2025/co op നമ്പർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ടതാണ് "കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് പദ്ധതി 2025."

**(ബി)** ആശ്വാസ് 2026 കുടിശിക നിവാരണ പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര വായ്പാ അക്കൗണ്ടുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ഇതുവഴി സഹകരണ സംഘങ്ങൾക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ആശ്വാസ് 2026 കുടിശിക നിവാരണ പദ്ധതിയുടെ ഭാഗമായി 69789 വായ്പ അക്കൗണ്ടുകൾ അവസാനിപ്പിച്ചു. ഇതുവഴി സംഘങ്ങളിൽ നിലനിന്നിരുന്ന 32648.12 ലക്ഷം രൂപയുടെ നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുവാൻ സാധിച്ചു.

**സെക്ഷൻ ഓഫീസർ**